# Malayala Manorama

## 17 August 2018

## Karumalur: Flood-hit, Disaster, relief camps, Isolation

# ദുരിതക്കയത്തിൽ മുങ്ങി

## കരുമാലൂർ, ആലങ്ങാട് പ്രദേശങ്ങൾ

- പ്രധാന റോഡുകൾ വെള്ളത്തിനടിയിൽ
- ദുരിതാശ്വാസ ക്യാംപുകൾ നിറഞ്ഞുകവിഞ്ഞു
- പല പ്രദേശങ്ങളും ഒറ്റപ്പെട്ടു
- കൃഷിയിടങ്ങൾ മുങ്ങി

കരുമാലൂർ • കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും കരുമാലൂർ, ആലങ്ങാട് പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങൾ വെള്ളത്തിൽ മുങ്ങി. പല പ്രദേശങ്ങളും ഒറ്റപ്പെട്ടു. ഇന്നലെ പുലർച്ചെ മുതലാണ് ആലങ്ങാട്, കരുമാലൂർ, കടുങ്ങല്ലൂർ പ്രദേശങ്ങളിലെ വീടുകളിൽ വെള്ളം കയറിത്തുടങ്ങിയത്.

നിമിഷങ്ങൾക്കകം വെള്ളം വീടിനകത്തേക്കു പ്രവേശിച്ചു. നാട്ടുകാരുടെയും സുരക്ഷാ സേനയുടെയും നേതൃത്വത്തിൽ വൻ രക്ഷാപ്രവർത്തനമാണ് ഈ പ്രദേശങ്ങളിൽ നടത്തിയത്. എന്നാൽ, ആവശ്യത്തിനു ബോട്ടുകളും വഞ്ചികളും ഇല്ലാത്തതിനാൽ പലയിടത്തും എത്തിച്ചേരാൻ കഴിഞ്ഞില്ല.

ദുരിതാശ്വാസ ക്യാംപുകൾ പലതും നിറഞ്ഞു കവിഞ്ഞു. ക്യാംപുകൾ നിറഞ്ഞതോടെ കുറെ ആളുകൾ ബന്ധുവീടുകളിൽ അഭയം പ്രാപിച്ചു. വലിയ ലോറികളിൽ കയറ്റിയാണ് പലയിടങ്ങളിൽ നിന്നും ആളുകളെ ക്യാംപുകളിലെത്തിച്ചത്.

ചില ക്യാംപുകളിൽ വെള്ളം കയറിയതോടെ ക്യാംപുകൾ മറ്റു സ്ഥലങ്ങളിലേക്കു മാറ്റി.

കരുമാലൂർ പഞ്ചായത്തിൽ മാത്രം പെരിയാർ കരകവിഞ്ഞൊഴുകിയതോടെ തീരങ്ങളിലുള്ള ആയിരക്കണക്കിനു വീടുകൾ വെള്ളത്തിൽ മുങ്ങി. പുറപ്പിള്ളിക്കാവ്, മുറിയാക്കൽ, വയൽക്കര, ചെറിയത്തേയ്ക്കാനം, മാമ്പ്ര പ്രദേശങ്ങളിലെ വീടുകൾ പൂർണമായി വെള്ളത്തിനടിയിലായി. ഈ സ്ഥലങ്ങളിൽ രക്ഷാപ്രവർത്തനം അസാധ്യമാകുംവിധം ഒറ്റപ്പെട്ടു.

### പ്രധാന റോഡുകൾ വെള്ളത്തിനടിയിൽ

വെള്ളക്കെട്ടു രൂക്ഷമായതോടെ ആലുവ-പറവൂർ റോഡ്, മാഞ്ഞാലി-അങ്കമാലി പ്രധാന പാതകൾ ഉൾപ്പെടെയുള്ളവ വെള്ളത്തിനടിയിലായി. ഇതുവഴിയുള്ള വാഹനഗതാഗതം പൂർണമായി തടസ്സപ്പെട്ടു. പെരിയാറിന്റെ തീരത്തെ റോഡുകളും മറ്റ് ഇടറോഡുകളും പൂർണമായി വെള്ളത്തിനടിയിലാണ്. കോട്ടപ്പുറം-ആലങ്ങാട് പ്രധാന റോഡ്, തട്ടാംപടി-നീറിക്കോട് റോഡ്, മനയ്ക്കപ്പടി-മുറിയാക്കൽ റോഡ്, കോട്ടപ്പുറം-മാമ്പ്ര റോഡ്, പുറപ്പിള്ളിക്കാവ് റോഡ്, വയൽക്കര-ചെറിയത്തേയ്ക്കാനം റോഡ് തുടങ്ങിയ റോഡുകൾ അണക്കെട്ടു തുറന്നതോടെ വെള്ളക്കെട്ടിൽ മുങ്ങി.

അഞ്ചടിയിലേറെ പൊക്കത്തിലാണു പലയിടത്തും റോഡിൽ വെള്ളം കെട്ടിക്കിടക്കുന്നത്. കൂടാതെ കരുമാലൂർ, ആലങ്ങാട്, കോട്ടുവള്ളി പഞ്ചായത്തുകളിലെ തോടുകളും ക്രമാതീതമായി നിറഞ്ഞൊഴുകുകയാണ്.

### ദുരിതാശ്വാസ ക്യാംപുകൾ നിറഞ്ഞു കവിഞ്ഞു

പെരിയാർ നിറഞ്ഞൊഴുകിയതോടെ കരുമാലൂർ, ആലങ്ങാട്, കോട്ടുവള്ളി പഞ്ചായത്തുകളിൽ ദുരിതാശ്വാസ ക്യാംപുകൾ ആരംഭിച്ചു. മൂന്നു പഞ്ചായത്തുകളിലുമായി 50 ഓളം ദുരിതാശ്വാസ ക്യാംപുകൾ ആരംഭിച്ചിട്ടുണ്ട്.

മൂന്നു പഞ്ചായത്തുകളിൽനിന്ന് ഏകദേശം ആറായിരത്തോളം പേരെ ദുരിതാശ്വാസ ക്യാംപുകളിലേക്കു മാറ്റിപ്പാർപ്പിച്ചു. പല ക്യാംപുകളും നിറഞ്ഞു കവിഞ്ഞു. ചില ക്യാംപുകൾ ഒറ്റപ്പെട്ടു. ചിലയിടങ്ങളിൽ വെള്ളം കയറിയതി
തുടർന്നു ക്യാംപുകൾ മാറ്റി.

പറവൂർ തഹസിൽദാർ എം.എച്ച്. ഹരീ
പഞ്ചായത്ത് അധികൃതർ, വില്ലേജോഫിസർമാ
തുടങ്ങിയവർ ക്യാംപു സന്ദർശിച്ചു സ്ഥിതിഗ
കൾ വിലയിരുത്തുന്നുണ്ട്.

### കൃഷിയിടങ്ങൾ ഭൂരിഭാഗവും വെള്ളത്തിൽ

കാർഷിക മേഖലയായ കരുമാലൂരിലെ ഭൂരി
ഗം പ്രദേശങ്ങളിലെയും കൃഷിയിടങ്ങൾ വെള
ത്തിനടിയിലായി. തൊള്ളായിരം ഏക്കറോ
സ്ഥലത്തു നെൽകൃഷിയുണ്ട്. ഇതിൽ ഭൂരിഭാ
വും വെള്ളത്തിനടയിലാണ്.

കൂടാതെ പെരിയാറിന്റെ തീരത്തെ മറ്റു കൃ
യിടങ്ങളിലും വെള്ളം നിറഞ്ഞു കിടക്കുകയാ
ഓണത്തിനു വിളവെടുക്കാൻ പാകത്തിൽ പ
ക്കറികൃഷി ചെയ്ത കർഷകരും ആശങ്കയി
ണ്. പെരിയാറിന്റെ തീരത്തുള്ള വാഴത്തോ
ങ്ങളും പച്ചക്കറിത്തോട്ടങ്ങളുമാണു കൂടുത
നാശത്തിന്റെ വക്കിലുള്ളത്. വൻതോതിൽ
ള്ളം കയറിയതോടെ എന്തു ചെയ്യണമെന്ന
യാതെ നിസ്സഹായാവസ്ഥയിലാണു കർഷക

### പ്രദേശങ്ങൾ ഒറ്റപ്പെട്ടു

കരുമാലൂർ പഞ്ചായത്തിലെ പുറപ്പിള്ളിക്കാ
മുറിയാക്കൽ പ്രദേശങ്ങൾ വെള്ളം പൊങ്ങി
തിനെ തുടർന്ന് ഒറ്റപ്പെട്ടു. പല സ്ഥലങ്ങളി
സ്ത്രീകൾ കൈക്കുഞ്ഞിനെയും കൊണ്ടാ
തോണികളിൽ കയറി രക്ഷപ്പെട്ടത്. പലരും
ടുകളുടെ രണ്ടാം നിലയിൽ കുടുങ്ങി. റോഡുക
കൂടുതലായി മുങ്ങിയതോടെ രക്ഷാപ്രവർത്ത
ങ്ങൾ ദുഷ്കരമാണ്.